REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നരേന്ദ്രമോദി ഗവണ്മെന്റ് ജമ്മുകശ്മീരിനെ തീവ്രവാദമുക്തമാക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ .**
- **പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു മറ്റന്നാൾ വിതരണം ചെയ്യും.**
- **തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ സമഗ്ര വികസന പദ്ധതി നിർമ്മാണം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ചടങ്ങിൽ വിശിഷ്ടാതിഥിയാകും.**
- **സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും.**
- **ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാനമത്സരം ഇന്ന് ലണ്ടൻ ഓവൽഗ്രൗണ്ടിൽ തുടങ്ങും.**

## വാർത്തകൾ വിശദമായി

നരേന്ദ്രമോദി ഗവണ്മെന്റ് ജമ്മുകശ്മീരിനെ തീവ്രവാദമുക്തമാക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ വ്യക്തമാക്കി. ഓപ്പറേഷൻ സിന്ദൂർ പ്രത്യേക ചർച്ചയ്ക്ക് രാജ്യസഭയിൽ മറുപടി നൽകുകയായിരുന്നു അദ്ദേഹം. പഹൽഗാം ഭീകരാക്രമണത്തിനെതിരെ ഇന്ത്യയുടെ നിലപാട് ശക്തവും നിർണ്ണായകവും വിജയകരവുമായിരുന്നു. ഭീകരപ്രവർത്തകർക്കും അവരുടെ അടിസ്ഥാന സൗകര്യങ്ങൾക്കുമെതിരെ കടുത്ത നടപടി എടുക്കുമെന്നും അത്തരം കേന്ദ്രങ്ങളെ നിലംപരിശാക്കുമെന്നും അമിത്ഷാ അറിയിച്ചു.

പഹൽഗാമിൽ ഭീകരാക്രമണം നടത്തിയ മൂന്നു ഭീകരരെ വധിച്ച് ഓപ്പറേഷൻ മഹാദേവ് വിജയകരമാക്കിയ സായുധസേനയെയും സുരക്ഷാ ഏജൻസികളെയും ആഭ്യന്തരമന്ത്രി പ്രശംസിച്ചു. പഹൽഗാം സംഭവത്തിന് തൊട്ടുപിന്നാലെ സിന്ധുജലനദീകരാർ റദ്ദാക്കിയതും വിസാ സൗകര്യം നിർത്തിവെച്ചതും ഉൾപ്പെടെ പാക്കിസ്ഥാനെതിരെ ഇന്ത്യ സ്വീകരിച്ച കർശനനടപടികൾ അദ്ദേഹം ചർച്ചയിൽ വിശദീകരിച്ചു.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്...........

പാക് അധീന കശ്മീരിലെയും പാക്കിസ്ഥാനിലെയും ഭീകര കേന്ദ്രങ്ങൾ തകർക്കാൻ സായുധ സേനയ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെന്ന് അമിഷ് ഷാ അറിയിച്ചു. ഓപ്പറേഷൻ സിന്ദൂറിലൂടെ നൂറിലേറെ ഭീകരരെ സൈന്യം വധിച്ചതായും തീവ്രവാദ ക്യാമ്പുകൾ തകർത്തതായും അദ്ദേഹം പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ പാക്കിസ്ഥാന്റെ ആക്രമണശേഷി നശിപ്പിച്ചെന്നും അവരെ മുട്ടുകുത്തിച്ചെന്നും ആഭ്യന്തരമന്ത്രി അറിയിച്ചു.

വോട്ടുബാങ്കിനും പ്രീണന രാഷ്ട്രീയത്തിനും വേണ്ടി കോൺഗ്രസ്സ് തീവ്രവാദത്തോട് മൃദു സമീപനം സ്വീകരിക്കുകയാണെന്ന് അമിത് ഷാ ആരോപിച്ചു. ഭീകരവാദികൾ പാക്കിസ്ഥാൻകാരാണെന്നതിന് തെളിവ് ചോദിച്ച P. ചിദംബരത്തെ കേന്ദ്രമന്ത്രി വിമർശിച്ചു.

ആഭ്യന്തരമന്ത്രിയുടെ പ്രസംഗത്തിനിടെ, പ്രധാനമന്ത്രിയുടെ മറുപടി ആവശ്യപ്പെട്ട് പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപ്പോയി.

ദേശീയ സുരക്ഷ, സൈനിക പ്രതികരണം, രാഷ്ട്രീയ ഇച്ഛാശക്തി എന്നിവയിൽ ഇന്ത്യയുടെ ശക്തമായ നിലപാടാണ് ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രകടമായതെന്ന് BJP സഭാനേതാവും കേന്ദ്രമന്ത്രിയുമായ JP നദ്ദ പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ കൃത്യതയോടെയും ശക്തിയോടെയുമാണ് നടപ്പാക്കിയതെന്നും പാക്കിസ്ഥാനിലെ തീവ്രവാദക്യാമ്പുകൾ വെറും ഇരുപത്തിരണ്ടു മിനിറ്റുകൊണ്ടാണ് നശിപ്പിച്ചതെന്നും JP നദ്ദ അറിയിച്ചു.

✪✪✪

രാജ്യത്തെ വനിതാ സ്വയം സഹായ സംഘങ്ങൾക്ക് 11 ലക്ഷം കോടിയിലേറെ രൂപ വായ്പ നൽകാൻ കഴിഞ്ഞതായി കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. ദീൻ ദയാൽ അന്ത്യോദയ യോജന - നാഷണൽ റൂറൽ ലൈവ്‌ലി ഹുഡ്സ് മിഷൻസ് പദ്ധതികൾ വഴിയാണ് സാമ്പത്തിക സ്ഥാപനങ്ങളിലൂടെ തുക വിതരണം ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. ഗ്രാമീണ വികസനത്തിലും, വനിതാ-സാമ്പത്തിക ശാക്തീകരണത്തിലും, സ്വയം

പര്യാപ്തതയിലും നിർണയാക നാഴികക്കല്ലാണിതെന്ന് അദ്ദേഹം വിലയിരുത്തി. ദശലക്ഷ കണക്കിന് ഗ്രാമീണ വനിതകളുടെ സ്വപ്നങ്ങൾ പൂർത്തീകരിക്കാൻ ബാങ്കുകൾ മികച്ച പങ്ക് വഹിച്ചതായി ശിവരാജ് സിംഗ് ചൗഹാൻ അഭിപ്രായപ്പെട്ടു.

✪✪✪

ബാങ്കിംഗ് നിയമ ഭേദഗതി നിയമം 2025, നാളെ പ്രാബല്യത്തിൽ വരും. ഏപ്രിൽ 15 ന് വിജ്ഞാപനം ചെയ്ത നിയമം പൊതുമേഖലാ ബാങ്കുകളിലെ ഓഡിറ്റ് ഗുണനിലവാരം മെച്ചപ്പെടുത്തുകയും, സഹകരണ ബാങ്കുകളിലെ ഡയറക്ടർമാരുടെ കാലാവധി വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് ധന മന്ത്രാലയം അറിയിച്ചു. 1968 മുതൽ മാറ്റമില്ലാതെ തുടരുന്ന പലിശ പരിധിയും ഭേദഗതിയിലൂടെ പരിഷ്കരിച്ചു.

ബാങ്കിംഗ് മേഖലയിലെ ഭരണ നിലവാരം മെച്ചപ്പെടുത്തുക, നിക്ഷേപകർക്കും മുതലിറക്കുന്നവർക്കും മെച്ചപ്പെട്ട സംരക്ഷണം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഭേദഗതി നടപ്പാക്കിയത്.

✪✪✪

തദ്ദേശീയമായി വികസിപ്പിച്ച ട്രെയിൻ സുരക്ഷാ സംവിധാനം 'കവച് 4.0' കോട്ട-മഥുര സെക്ഷനിൽ കമ്മീഷൻ ചെയ്യാൻ സജ്ജമായതായി റെയിൽവെ മന്ത്രി അശ്വിനി വൈഷ്ണവ് ലോക്സഭയെ അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വയംപര്യാപ്ത ഭാരത കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് വളരെ ചുരുങ്ങിയ കാലം കൊണ്ട് ആധുനിക ഓട്ടോമാറ്റിക് ട്രെയിൻസുരക്ഷാ സംവിധാനം വികസിപ്പിക്കാൻ കഴിഞ്ഞതെന്ന് കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

നാളെ മുതൽ ഇന്ത്യയ്ക്ക് 25 ശതമാനം തീരുവ ചുമത്തുമെന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രസ്താവനയും, അതിന്റെ പ്രത്യാഘാതങ്ങളും ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. അമേരിക്കയുമായി ഉണ്ടാക്കിയ മറ്റു വ്യാപാര കരാറുകളുടെ കാര്യത്തിലെന്നപോലെ ദേശീയ താൽപ്പര്യം ഉറപ്പാക്കാൻ ഗവണ്മെന്റ് എല്ലാ നടപടികളും സ്വീകരിക്കുമെന്ന് മന്ത്രാലയം വ്യക്തമാക്കി.

✪✪✪

പൗരാണിക അറിവിന്റെയും ആധുനിക അഭിലാഷങ്ങളുടെയും സംഗമസ്ഥാനത്താണ് രാജ്യം നിൽക്കുന്നതെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. ഇന്ത്യയുടെ പ്രതിരോധശേഷി, നവീകരണം, ഉൾപ്പെടുത്തൽ,

വികസനം എന്നിവ ആധികാരികതയോടും സമഗ്രതയോടും കൂടി പറയേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. പാർലമെന്റ് പരിസരത്ത് ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് 2023-24 ബാച്ചുകളിലെ ഓഫീസർ ട്രെയിനികളെ അഭിസംബോധന ചെയ്യുകയായിരുന്നു സ്പീക്കർ. I.I.S ഉദ്യോഗസ്ഥർ ഗവണ്മെന്റ് നയത്തിന്റെ ആശയവിനിമയക്കാർ മാത്രമല്ല, സംസ്ഥാനത്തിനും പൗരന്മാർക്കും ഇടയിലെ പാലങ്ങളാണെന്നും സ്പീക്കർ പറഞ്ഞു.

✪✪✪

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു മറ്റന്നാൾ വിതരണം ചെയ്യും. വാരണാസിയിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലാണ് കർഷകരുടെ അക്കൗണ്ടുകളിലേക്ക് സാമ്പത്തിക സഹായം കൈമാറുന്നത്. ദേശീയതലത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രചാരണങ്ങൾ സംഘടിപ്പിക്കാൻ ഇന്നലെ ഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കൃഷിമന്ത്രി ശിവരാജ്സിംഗ് ചൗഹാൻ നിർദേശം നൽകി. നാല് മാസത്തിലൊരിക്കൽ 2,000 രൂപവീതം 6,000 രൂപയാണ് ഓരോ വർഷവും കർഷകരുടെ അക്കൗണ്ടുകളിലേക്ക് നിധിയിൽ നിന്ന് നൽകുന്നത്.

✪✪✪

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ  സമഗ്ര വികസന പദ്ധതിയുടെ പ്രവൃത്തി വൈകിട്ട്  മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ചടങ്ങിൽ  വിശിഷ്ടാതിഥിയാകും. പ്രധാൻമന്ത്രി മത്സ്യ സമ്പദാ യോജനയിൽ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ 177 കോടി രൂപ ചെലവഴിച്ചാണ് തുറമുഖത്തെ 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' നിലവാരത്തിലേക്ക് ഉയർത്തുന്നത്.

✪✪✪

സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം ഇന്ന്  അർദ്ധരാത്രി അവസാനിക്കും. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ അവസാന ഘട്ടത്തിലാണ്. പെയിന്റിങ്ങ് ഉൾപ്പടെ പൂർത്തിയായ ബോട്ടുകളിൽ ഇന്ധനം നിറച്ച് ഐസും , മത്സ്യബന്ധന ഉപകരണങ്ങളും, ആഹാരസാധനങ്ങളും കയറ്റിത്തുടങ്ങി. മത്സ്യസംസ്കരണ ശാലകളും പുതിയ സീസണിനായി സജ്ജമായി കഴിഞ്ഞു.

ട്രോളിംഗ് നിരോധനം അവസാനിക്കുന്ന ഇന്ന് അർദ്ധരാത്രി മുതൽ കടലിൽ പോകുന്ന മത്സ്യ ബന്ധന യാനങ്ങൾ കാലാവസ്ഥാ മുന്നറിയിപ്പും നിർദേശങ്ങളും കൃത്യമായി പാലിക്കണമെന്ന് കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നിർദേശം നൽകി. തൊഴിലാളികൾ ആധാർകാർഡ് കൈവശം വെക്കണം. അതിഥി തൊഴിലാളികൾ അതിഥി പോർട്ടലിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദേശമുണ്ട്.

✪✪✪

സംസ്ഥാനത്ത് കാലവർഷത്തിൽ ഇന്ന് മിക്ക ജില്ലകളിലും വ്യാപകമായി മഴ ലഭിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒരു ജില്ലയിലും പ്രത്യേക ജാഗ്രതാ നിർദേശം നൽകിയിട്ടില്ല. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തകാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

പുനർഗേഹം പദ്ധതിയിൽ തിരുവനന്തപുരം മുട്ടത്തറയിൽ നിർമ്മിച്ച പ്രത്യാശ ഫ്ലാറ്റ് സമുച്ചയങ്ങളുടെ താക്കോൽ കൈമാറൽ ഓഗസ്റ്റ് ഏഴിന് നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്യും. കടലാക്രമണ ഭീഷണിയൽ കഴിയുന്നവരെ സുരക്ഷിത മേഖലയിലേക്ക് മാറ്റി താമസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയിൽ മുട്ടത്തറയിലെ നിർമ്മാണം പൂർത്തിയായ 332 ഫ്ലാറ്റുകളാണ് ഗുണഭോക്താക്കൾക്ക് കൈമാറുന്നത്.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാനമത്സരം ഇന്ന് ലണ്ടൻ ഓവൽഗ്രൗണ്ടിൽ ആരംഭിക്കും. അഞ്ച് മത്സര പരമ്പരയിൽ രണ്ടെണ്ണം വിജയിച്ച ഇംഗ്ലണ്ടുമായി സമനില പാലിക്കാൻ അവസാന മത്സരത്തിലെ വിജയം ഇന്ത്യക്ക് അനിവാര്യമാണ്. ഇന്ത്യൻ സമയം ഉച്ച കഴിഞ്ഞ് മൂന്നരയ്ക്കാണ് മത്സരം തുടങ്ങുന്നത്. പരിക്കേറ്റ ഋഷഭ് പന്തിന് പകരം ധ്രുവ് ജുറേലിനെയാണ് ടീമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

✪✪✪

ലോക ലെജൻഡ്സ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിന്റെ ഇന്ത്യ - പാകിസ്ഥാൻ സെമിഫൈനൽ മത്സരം റദ്ദാക്കി. ഇന്ത്യൻ ടീം പാകിസ്ഥാനെതിരെ കളിക്കാൻ വിസമ്മതിച്ചതിനെ തുടർന്നാണ് മത്സരം റദ്ദാക്കിയത്. നേരത്തെ ലീഗ് മത്സരവും ഇന്ത്യൻ ടീം ഉപേക്ഷിച്ചിരുന്നു.

✪✪✪

ഓസ്ട്രേലിയൻ പര്യടനത്തിൽ പങ്കെടുക്കുന്ന ഇന്ത്യൻ അണ്ടർ 19 ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു. ഇന്ത്യൻ ടീമിനെ ആയുഷ് മാത്രെ നയിക്കും. വിഹാൻ മൽഹോത്രയാണ് വൈസ് ക്യാപ്റ്റൻ. മൂന്ന് ഏകദിന മത്സരങ്ങളും രണ്ട് ചതുർദിന മത്സരങ്ങളുമടങ്ങിയതാണ് പര്യടനം.

✪✪✪

ഈ അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനം ഇന്ന് അവസാനിക്കും. ഹയർ സെക്കന്ററിയിലെയും വൊക്കേഷണൽ ഹയർ സെക്കന്ററിയിലെയും ഒഴിവ് വന്ന സീറ്റുകളിലേക്ക് ഇന്ന് സ്പോട്ട് അഡ്മിഷൻ നടത്തും. ഇതിനു അപേക്ഷിച്ചവരുടെ റാങ്ക് പട്ടിക പ്രവേശന വെബ്സൈറ്റിൽ രാവിലെ ഒൻപതിന് മുൻപ് പ്രസിദ്ധീകരിക്കും.

✪✪✪

ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിൽ കഴിഞ്ഞ ചൊവ്വാഴ്ച ഉണ്ടായ സാമൂഹ്യ വിരുദ്ധ ആക്രമണത്തെ കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ അപലപിച്ചു. പത്തുദിവസത്തിനിടെ തിരുവനന്തപുരം ജില്ലയിൽ ആശുപത്രികൾക്ക് നേരെ രണ്ട് തവണ ആക്രമണം ഉണ്ടായതായി അവർ വാർത്താകുറിപ്പിൽ അറിയിച്ചു. ആശുപത്രികളിൽ പൊലീസ് എയ്ഡ്പോസ്റ്റ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്നും KGMOA അറിയിച്ചു.

✪✪✪

കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിൽ നേര്യമംഗലം - വാളറ ഭാഗത്തെ നിർമാണ വിലക്കിനെതിരെ ദേശീയ പാതാ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ ദേവികുളം താലൂക്കിൽ ആഹ്വാനം ചെയ്ത ഹർത്താൽ തുടങ്ങി. വൈകിട്ട് ആറ് വരെയാണ് ഹർത്താൽ.

വനം വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയാണ് പൊതുതാൽപര്യ ഹർജിയിൽ നേര്യമംഗലം - വാളറ പതിനാലര കിലോമീറ്ററിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെക്കാൻ ഉത്തരവിട്ടത്.

✪✪✪

പൊലീസ് ആസ്ഥാനത്തെ 112 സേവനം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് പൊലീസ് മുന്നറിയിപ്പ് നൽകി. സഭ്യേതരവും അനാവശ്യവുമായ കോളുകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിലാണ് മുന്നറിയിപ്പ്. അടിയന്തര സഹായം ആവശ്യപ്പെട്ട് വിളിക്കുന്നവർക്ക് ലഭിക്കേണ്ട സഹായം ഇതുവഴി വൈകാനോ നഷ്ടപ്പെടാനോ കാരണമാകുമെന്ന് പൊലീസ് പറഞ്ഞു.

✪✪✪

ഓണ വിപണിയിൽ സജീവമാവാൻ മലബാർ മിൽമ മുന്നൊരുക്കങ്ങൾ തുടങ്ങി. ഓണദിവസങ്ങളിൽ 50 ലക്ഷം ലിറ്റർ പാലും, 10 ലക്ഷം കിലോ തൈരും അധികമായി വിൽപ്പന ചെയ്യാനാണ് മിൽമ ലക്ഷ്യമിടുന്നത്. ഇതിനുപുറമെ 300 ടൺ നെയ്യും 100 ടൺ പാലടയും വിൽപ്പനക്ക് തയ്യാറായി

കഴിഞ്ഞു. ഓണനാളുകളിൽ സപ്ലൈകോ, കൺസ്യൂമർ ഫെഡ്, മാളുകൾ എന്നിവയുമായ സഹകരിച്ച് പ്രത്യേക വിപണന സ്റ്റാളുകൾ നടത്താനും ധാരണയായിട്ടുണ്ട്.

✪✪✪

മാനാഞ്ചിറ -വെള്ളിമാട്കുന്ന് റോഡ് വികസനത്തിന്റെ ഭാഗമായ മലാപ്പറമ്പ് - വെള്ളിമാട്കുന്ന് ഭാഗം കൂടി വികസിപ്പിക്കാൻ നിർമാണാനുമതി നൽകുന്നതിന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി ദേശീയപാതാ അതോറിറ്റിക്ക് നിർദേശം നൽകിയതായി MK രാഘവൻ MP അറിയിച്ചു മന്ത്രിയെ നേരിൽ കണ്ട് വിഷയം ധരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് MK രാഘവൻ പറഞ്ഞു.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ശരണ്യരാജൻ*
*DEO: സി കെ സുബോധ്*